**കേരള സംഗീത നാടക അക്കാദമി, സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ബി.ടി.എ/എം.ടി.എ.കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ.**

1. ഈ സ്കോളർഷിപ്പ് കേരള സംഗീത നാടക അക്കാദമി ബി.ടി.എ/എം.ടി.എ സ്കോളർഷിപ്പ് എന്ന പേരിലറിയപ്പെടുന്നു.

2. ബി.ടി.എ, എം.ടി.എ.സ്കോളർഷിപ്പു തുക പ്രതിമാസം 1,500/- രൂപയുമായിരിക്കും.

3. ബി.ടി.എ, എം.ടി.എ സ്കോളർഷിപ്പിനുള്ള വാർഷിക ക ുടുംബ വരുമാനം 1,00,000/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രമാണ് വാർഷിക വരുമാനത്തിന് പരിഗണിക്കുക.

4. കേരള സംഗീത നാടക അക്കാദമി ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, സ്ക്കൂൾ ഓഫ് ഡ്രാമ പ്രതിനിധി, കാലടി സർവ്വകലാശാല പ്രതിനിധി എന്നിവരടങ്ങുന്ന ഒരു സമിതിയായിരിക്കും സ്കോളർഷിപ്പിനുള്ള കുട്ടികളെ തെരഞ്ഞെടുക്കുക.

5. പ്രസ്തുത സ്കോളർഷിപ്പുകൾക്ക് നാടകപഠന പദ്ധതി ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലേയും വിദ്യാർത്ഥികൾ പ്രവേശനം നടന്ന വർഷം നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം വകുപ്പുതലവൻ വഴി അക്കാദമിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. ബി.ടി.എ.സ്കോളർഷിപ്പ് ആദ്യവർഷം മൊത്തം 10 വിദ്യാർത്ഥികൾക്കാണ് നൽകുക. മേൽപ്പറഞ്ഞ 10 പേരിൽ 3 പേർ വിദ്യാർത്ഥിനികളായിരിക്കും. വിദ്യാർത്ഥിനികളുടെ അഭാവത്തിൽ സ്കോളർഷിപ്പ് ആൺകുട്ടികൾക്ക് നൽകുന്നതായിരിക്കും.

7. എല്ലാ വർഷവും ബി.ടി.എ ത്രിവത്സര കോഴ്സിന്റെ ആദ്യ വർഷത്തിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുക. അക്കാദമി സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെടുന്ന ഒന്നാം വർഷ വിദ്യാർത്ഥികൾ പഠന പ്രബന്ധം തയ്യാറാക്കി സമർപ്പിക്കണം. 2-ാം വർഷവും 3-ാം വർഷവും സ്കോളർഷിപ്പിന് അർഹത നേടുന്നവർ 10 മിനിറ്റ് മുതൽ 15 മിനിറ്റ് വരെ ദൈർഘ്യമുള്ള ഓരോ നാടകാവതരണവും പ്രബന്ധത്തിന്റെ പകർപ്പും (വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയത്) സമർപ്പിക്കണം. പ്രബന്ധവിഷയം ഏതു പ്രദേശത്തെ കലാരൂപത്തെ വേണമെങ്കിലും തെരഞ്ഞെടുക്കാം. പ്രാദേശികമായ അധികവിവരങ്ങൾ പ്രബന്ധത്തിന്റെ അനുബന്ധമായി ചേർത്തിരിക്കണം.

8. എം.ടി.എ.ദ്വിവത്സര കോഴ്സിന് ചേർന്നു പഠിക്കുന്ന 8 വിദ്യാർത്ഥികൾക്കാണ് എം.ടി.എ.സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഇതിൽ രണ്ടു പേർ വിദ്യാർത്ഥിനിയായിരിക്കണം. വിദ്യാർത്ഥിനിയുടെ അഭാവത്തിൽ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്. സ്കോളർഷിപ്പിന് തെരഞ്ഞെടുക്കപ്പെടുന്ന ഒന്നാം വർഷ എം.ടി.എ.വിദ്യാർത്ഥികൾ ഒരു പാഠ്യപദ്ധതി തയ്യാറാക്കി സമർപ്പിക്കുകയും ഒരു നാടകാവതരണം നടത്തുകയും വേണം. 2-ാം വർഷ എം.ടി.എ. വിദ്യാർത്ഥികൾ മേൽപ്പറഞ്ഞവക്കു പുറമേ പ്രബന്ധത്തിന്റെ ഒരു പകർപ്പുകൂടി നൽകണം. വിദ്യാർത്ഥികൾ അക്കാദമിക്ക് സമർപ്പിക്കുന്ന പാഠ്യ പദ്ധതിരേഖയുടെ (പ്രോജക്റ്റ് റിപ്പോർട്ട്) അടിസ്ഥാനത്തിലായിരിക്കും തുടർന്നുള്ള വർഷങ്ങളിൽ സ്കോളർഷിപ്പിന് അനുവദിക്കുക

.......2.

9. സ്കോളർഷിപ്പു തുക കൈപ്പറ്റുന്നതിന് എല്ലാ മാസവും 15-ാം തീയതിക്കു മുമ്പായി വിദ്യാർത്ഥികൾ ഒപ്പിട്ട രസീത് അക്കാദമിയിൽ ഹാജരാക്കേണ്ടതാണ്. രസീതിൽ കോളേജ് മേധാവി മേലൊപ്പ് വെച്ചിരിക്കണം. സ്കോളർഷിപ്പു തുക അതാതു കോളേജ് മേധാവി മുഖേന അക്കാദമി വിതരണം ചെയ്യുന്നതാണ്.

10. ഏതെങ്കിലും കാരണവശാൽ പഠനം മതിയാക്കുകയോ അച്ചടക്ക നടപടിക്ക് വിധേയരായി പഠനം നിർത്തുകയോ ചെയ്താൽ അക്കാദമി നൽകിവരുന്ന സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഇങ്ങനെയുള്ള വിദ്യാർത്ഥികളുടെ വിവരം കോളേജ് മേധാവികൾ യഥാസമയം അക്കാദമിയെ രേഖാമൂലം അറിയിക്കേണ്ടതാണ്.

11. ബി.ടി.എ/എം.ടി.എ സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ അക്കാദമി നിർവ്വാഹകസമിതിക്ക് അധികാരമുണ്ടായിരിക്കും.

(ഒപ്പ്)

സെക്രട്ടറി.